## ജില്ലാ കളക്ടർ & ചെയർമാൻ, ജില്ലാ ദുരന്തനിവാരണ അതോറിറ്റി, ഇടുക്കിയുടെ നടപടിക്രമം.

(ഹാജർ: എച്ച്. ദിനേശൻ ഐ എ എസ്)

വിഷയം: കൊവിഡ് 19 – ഇടുക്കി ജില്ല - കൺടെയിൻമെൻറ് മേഖലകൾ വിജ്ഞാപനം ചെയ്ത്/വിടുതൽ ചെയ്ത് കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ഉത്തരവാകുന്നു.

പരാമർശം :
1) G.O (Ms) No. 18/2020/DMD തീയതി 17.06.2020
2) G.O (Rt) No. 691/2020/DMD തീയതി 01.09.2020
3) കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ 27/10/2020 ലെ 40-3/2020-DM-I (A) നമ്പർ ഉത്തരവ്.
4) ജില്ലാ മെഡിക്കൽ ഓഫീസർ (ആ) യുടെ 14/12/2020 തീയതിയിലെ അപേക്ഷ.

### ഉത്തരവ് നമ്പർ DCIDK/1640/2020 – DM1 തീയതി: 14-12-2020

കൊവിഡ് - 19 നിർവ്യാപനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ സംബന്ധിച്ച് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൺടെയിൻമെന്റ് മേഖലകളിൽ നിലവിലെ ലോക്ക്ഡൌൺ നിയന്ത്രണങ്ങൾ തുടരുന്നതിനും, ആവശ്യമെങ്കിൽ പ്രസ്തുത മേഖലകളിൽ അധിക നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനും ജില്ലാ കളക്ടർമാർക്ക് അധികാരം നൽകിയും ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്തെ കണ്ടെയ്ൻമെന്റ് മേഖലകൾ നിർണ്ണയിക്കുന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

ജില്ലയിലെ കൊവിഡ് വ്യാപനം കണക്കിലെടുത്ത് കണ്ടെയ്ൻമെന്റ് മേഖലകളിൽ ഉൾപ്പെടുത്തേണ്ട/ ഒഴിവാക്കേണ്ട മേഖലകൾ സംബന്ധിച്ച് പരാമർശം (4) പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർ (ആ) ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

ജില്ലയിൽ സമ്പർക്കം മൂലമുള്ള കൊവിഡ് 19 പോസിറ്റീവ് കേസുകൾ വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ ടി മഹാമാരിക്കെതിരെയുള്ള പ്രതിരോധ നടപടികൾ കർശനമാക്കുന്നതിന്റെ ഭാഗമായും രോഗവ്യാപനം തടയുന്നതിനുമായി ചുവടെ ചേർക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ **വാർഡുകളെ/ പ്രദേശങ്ങളെ കൺടെയിൻമെന്റ് മേഖലകൾ/ മൈക്രോ കൺടെയിൻമെന്റ് മേഖലകളായി വിജ്ഞാപനം ചെയ്യും പ്രസ്തുത വാർഡുകളിൽ/ പ്രദേശങ്ങളിൽ ചുവടെ ചേർക്കും പ്രകാരമുള്ള കർശന ലോക്ക് ഡൌൺ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയും ദുരന്ത നിവാരണ നിയമം 2005 സെക്ഷൻ 30 (2) (v) പ്രകാരം ഉത്തരവാകുന്നു.**

| ക്രമ നം. | തദ്ദേശ സ്വയംഭരണ സ്ഥാപനം | കണ്ടെയിൻമെന്റ്/ മൈക്രോ കണ്ടെയിൻമെന്റ് സോൺ |
|---|---|---|
| 1. | ആലക്കോട് ഗ്രാമപഞ്ചായത്ത് | 12 - ാം വാർഡ് പൂർണ്ണമായും. |

- പ്രസ്തുത തദ്ദേശ സ്വയംഭരണ സ്ഥാപന വാർഡുകളിൽ/ മേഖലകളിൽ വളരെ അടിയന്തര ആവശ്യങ്ങൾക്കല്ലാതെ പൊതുജനങ്ങൾ പുറത്തിറങ്ങുന്നത് കർശനമായി നിരോധിക്കുന്നു. പുറത്തിറങ്ങുന്ന സാഹചര്യമുണ്ടായാൽ നിർബന്ധമായും മുഖാവരണം

ധരിക്കേണ്ടതും, സാമൂഹിക അകലം പാലിക്കേണ്ടതും, മറ്റ് വ്യക്തി സുരക്ഷാ മാനദണ്ഡങ്ങൾ കർശനമായി പാലിക്കേണ്ടതുമാണ്. മുഖാവരണം ധരിക്കാതെ പുറത്തിറങ്ങുന്നവർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുന്നതാണ്.

- പ്രസ്തുത തദ്ദേശ സ്വയംഭരണ സ്ഥാപന വാർഡുകളിൽ/ മേഖലകളിൽ നിന്നും പുറത്തേക്കും, ഉള്ളിലേക്കും അവശ്യ സർവ്വീസുകൾക്കായി നിശ്ചിത റോഡുകളിലൂടെ മാത്രം ഗതാഗതം അനുവദിക്കുന്നതിനും ഇവയുടെ വിവരങ്ങൾ പൊതുജനങ്ങളെ അറിയിക്കുന്നതിനും ജില്ലാ പോലീസ് മേധാവിയെ ചുമതലപ്പെടുത്തുന്നു. മറ്റ് റോഡുകൾ പൂർണ്ണമായി അടച്ചിടേണ്ടതാണ്.
- അവശ്യ വസ്തുക്കൾ വിൽക്കുന്ന കടകൾ മാത്രം (പാൽ, പഴം, പച്ചക്കറി, പലവ്യഞ്ജനം, ബേക്കറി) രാവിലെ 11 മുതൽ വൈകിട്ട് 5 മണിവരെ തുറന്ന് പ്രവർത്തിപ്പിക്കാവുന്നതാണ്.
- അവശ്യ വസ്തുക്കൾ, ആവശ്യമുള്ളവരുടെ വീടുകളിലേക്ക് നേരിട്ട് എത്തിച്ച് നൽകുന്നതിനുള്ള നടപടികൾ, സന്നദ്ധ സംഘടനാ പ്രവർത്തകരുടെ സേവനം വിനിയോഗിച്ച്, നിർവ്വഹിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരെ ചുമതലപ്പെടുത്തുന്നു. പ്രസ്തുത വാർഡുകളിൽ ഇത്തരം ഡ്യൂട്ടിക്കായി നിയോഗിച്ചിട്ടുള്ള സന്നദ്ധ സേവകരുടെ വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കേണ്ടതാണ്.
- പ്രസ്തുത കൺടെയിൻമെന്റ് മേഖലകളിലൂടെ അവശ്യ വസ്തുക്കളുമായി കടന്നു പോകുന്ന ചരക്ക് വാഹനങ്ങൾക്ക് ഇളവ് അനുവദിക്കുന്നു.
- മെഡിക്കൽ സ്റ്റോറുകൾ, പെട്രോൾ പമ്പുകൾ, ഗ്യാസ് ഏജൻസികൾ എന്നിവ തുറന്ന് പ്രവർത്തിക്കുന്നതിന് ഇളവ് അനുവദിക്കുന്നു.
- പ്രസ്തുത കൺടെയിൻമെന്റ് മേഖലകളിൽ നിന്നും പുറത്തേക്കോ, അകത്തേക്കോ യാത്ര ചെയ്യുന്നവരെ കർശനമായി പരിശോധിക്കേണ്ടതും ഈ ഉത്തരവിന്റെ ലംഘനം ശ്രദ്ധയിൽപ്പെട്ടാൽ കർശന നിയമ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
- ഹോട്ടലുകൾ, തട്ടുകടകൾ എന്നിവ തുറന്നു പ്രവർത്തിക്കുവാൻ പാടില്ല.
- സാമൂഹിക അടുക്കളകൾക്ക് തുടർന്നും പ്രവർത്തിക്കാവുന്നതാണ്.
- പ്രസ്തുത കൺടെയിൻമെന്റ് മേഖലകളിൽ കൊവിഡ് - 19 മായി ബന്ധപ്പെട്ട പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ആരോഗ്യം, പോലീസ്, റവന്യൂ, തദ്ദേശ സ്വയംഭരണം, ഫയർ & റസ്ക്യൂ, സിവിൽ സപ്ലൈസ്, വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി എന്നിവയുടെ ഓഫീസുകളിൽ അടിയന്തര ആവശ്യങ്ങൾക്കുള്ള ജീവനക്കാരെ മാത്രം ഡ്യൂട്ടിക്ക് നിയോഗിച്ച് പ്രവർത്തിക്കാവുന്നതാണ്. കൺടെയിൻമെന്റ് മേഖലയിൽ പൊതുമേഖലാ/ഷെഡ്യൂൾഡ്/സഹകരണ ബാങ്കുകൾ, പോസ്റ്റ് ആഫീസുകൾ എന്നിവയ്ക്ക് രാവിലെ 10 മണിമുതൽ ഉച്ചയ്ക്ക് 2 മണി വരെ പരമാവധി 50 ശതമാനം ജീവനക്കാരെ മാത്രം നിയോഗിച്ച് പ്രവർത്തിക്കാവുന്നതാണ്. ബാങ്കുകളിൽ എത്തിചേരുന്ന പൊതുജനങ്ങൾക്ക് ടോക്കൺ സംവിധാനം ഏർപ്പെടുത്തേണ്ടതും, ഒരേസമയം 5 പേരിൽ കൂടുതൽ ബാങ്കിനുള്ളിൽ പ്രവേശിക്കുന്നില്ല എന്നുറപ്പാക്കേണ്ടതുമാണ്. മറ്റ് ഓഫീസുകൾ തുറന്നു പ്രവർത്തിക്കേണ്ടതില്ല.
- മേൽ പരാമർശിച്ചിട്ടുള്ള സർക്കാർ വകുപ്പുകളുടെ ഓഫീസുകളിൽ ഏതെങ്കിലും ജീവനക്കാർ കോവിഡ് പോസിറ്റീവ് ആവുകയോ കോവിഡ് രോഗികളുടെ ഹൈ റിസ്ക് കോണ്ടാക്റ്റ് ലിസ്റ്റിൽ ഉൾപ്പെടുകയോ ചെയ്താൽ ടി ജീവനക്കാർ മാത്രം ക്വാറന്റൈനിൽ പോവുകയും ടി ഓഫീസ് അണുവിമുക്തമാക്കി കൊവിഡ് മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിച്ചു കൊണ്ടും, ആരോഗ്യ വകുപ്പ് നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചു കൊണ്ടും

മറ്റ ജീവനക്കാരെ ഉപയോഗിച്ച് തുറന്ന് പ്രവർത്തിക്കുന്നതിനും, പരമാവധി രണ്ടു ദിവസങ്ങളിൽ കൂടുതൽ ഓഫീസുകൾ അടഞ്ഞുകിടക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനും ആവശ്യമായ നടപടികൾ ബന്ധപ്പെട്ട ഓഫീസ് മേധാവികൾ സ്വീകരിക്കേണ്ടതാണ്.

മേൽ നിയന്ത്രണങ്ങൾ പ്രസ്തുത കൺടെയിൻമെന്റ് മേഖലകളിൽ കർശനമായി പാലിക്കുന്നുണ്ടെന്ന് ജില്ലാ പോലീസ് മേധാവി, സബ് ഡിവിഷണൽ മജിസ്ട്രേറ്റ്, ഇൻസിഡന്റ് കമാന്റർ & തഹസിൽദാർമാർ, തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ എന്നിവർ ഉറപ്പാക്കേണ്ടതാണ്.

ചുവടെ ചേർക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡുകൾ/ പ്രദേശങ്ങൾ കണ്ടെയ്ൻമെന്റ്/ മൈക്രോ കണ്ടെയിൻമെന്റ് മേഖലകളായി തുടരുന്നതാണ്.

| ക്രമ നമ്പർ | തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര് | കണ്ടെയിൻമെന്റ്/ മൈക്രോ കണ്ടെയിൻമെന്റ് മേഖല |
|---|---|---|
| 1. | പെരുവന്താനം ഗ്രാമ പഞ്ചായത്ത് | 11 -ാം വാർഡ് പൂർണ്ണം |
| 2. | മൂന്നാർ ഗ്രാമ പഞ്ചായത്ത് | a) 17 -ാം വാർഡിൽ ഉൾപ്പെടുന്ന നല്ലതണ്ണി വെസ്റ്റ് ഡിവിഷൻ (ഇൻസ്റ്റന്റ് ടീ ഡസ്റ്റ് ഫാക്ടറി ഉൾപ്പെടെ)<br>b) 19 -ാം വാർഡിൽ ഉൾപ്പെടുന്ന നല്ലതണ്ണി ഈസ്റ്റ് ഡിവിഷൻ (ജനറൽ ഹോസ്പിറ്റൽ ക്വാർട്ടേഴ്സ് ഉൾപ്പെടെ) |
| 3. | കട്ടപ്പന മുനിസിപ്പാലിറ്റി | 9, 13 വാർഡുകളിൽ ഉൾപ്പെട്ട് വരുന്ന കട്ടപ്പന — കൊച്ചുതോവാള റോഡിലെ സാഗര ജംഗ്ഷൻ മുതൽ തോപ്പിൽ ജംഗ്ഷൻ വരെയുള്ള റോഡിന്റെ ഇരുവശവും. |
| 4. | മരിയാപുരം ഗ്രാമ പഞ്ചായത്ത് | 13-ാം വാർഡ് പൂർണ്ണമായും. |
| 5. | ഇരട്ടയാർ ഗ്രാമ പഞ്ചായത്ത് | 13, 14 വാർഡുകൾ പൂർണ്ണമായും. |
| 6. | പുറപ്പുഴ ഗ്രാമപഞ്ചായത്ത് | 10, 11 വാർഡുകളിൽ ഉൾപ്പെടുന്ന വട്ടക്കുഴി - കുണിഞ്ഞി റോഡിൽ വട്ടക്കുഴി ജംഗ്ഷൻ മുതൽ മുണ്ടിയാനി പാലം വരെയുള്ള റോഡിന് ഇരു വശങ്ങളിലുമുള്ള ഭാഗങ്ങൾ |

**കൺടെയിൻമെന്റ് മേഖലകൾ ഒഴികെയുള്ള ജില്ലയുടെ മറ്റ് മേഖലകളിൽ സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളും ഇളവുകളും ബാധകമായിരിക്കുന്നതാണ്.**

ഈ ഉത്തരവിന് ഇന്നേ ദിവസം **(14.12.2020)** മുതൽ കണ്ടെയ്ൻമെൻറ് മേഖലയിൽ നിന്നും പ്രസ്തുത കണ്ടെയ്ൻമെൻറ്/ മൈക്രോ കണ്ടെൻമെൻറ് മേഖലകളെ ഒഴിവാക്കുന്നതുവരെ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

ജില്ലാ കളക്ടർ & ചെയർമാൻ
ജില്ലാ ദുരന്ത നിവാരണ അതോറിറ്റി

സ്വീകർത്താക്കൾ -

1. ജില്ലാ പോലീസ് മേധാവി, ഇടുക്കി
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആ), ഇടുക്കി
3. സബ് കളക്ടർ, ദേവികുളം.
4. റവന്യൂ ഡിവിഷണൽ ഓഫീസർ, ഇടുക്കി.
5. എല്ലാ തഹസിൽദാർമാർക്കും.
6. സെക്രട്ടറി, തൊടുപുഴ/കട്ടപ്പന നഗരസഭ.
7. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് (ഡിഡിപി മുഖേന)
8. ബന്ധപ്പെട്ട വില്ലേജ് ഓഫീസർമാർക്ക് (തഹസിൽദാർ മുഖേന)

പകർപ്പ് -

1. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, ഇടുക്കി, തൊടുപുഴ
2. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, ഇടുക്കി (പ്രസിദ്ധീകരണത്തിനായി)
3. ജില്ലാ ഇൻഫർമാറ്റിക്സ് ഓഫീസർ, എൻ.ഐ.സി, ഇടുക്കി (ജില്ലയുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4. ജില്ലാ കളക്ടറുടെ ഔദ്യോഗിക ഫെയ്സ്ബുക്ക് പേജിലേക്ക്